തൊന്നു സ്റ്റേറ്റുമെൻറും കൊടുത്തിട്ടില്ലെന്നു മി. വേലായുധൻ, കാൺഗ്രസ് പാർട്ടി യംഗങ്ങളിൽ പലരും കേൾക്കെ പ്രസ്താവിച്ചിട്ടുള്ളതു്.

(ബി) അടിസ്ഥാനരഹിതങ്ങളും അബദ്ധജഡിലങ്ങളുമായ പ്രസ്താവന പുറപ്പെടുവിക്കുന്നതിൽ ശ്രീ. വേലായുധനുള്ള വാസനയും വൈദഗ്ദ്ധ്യവുമാണു് ചോദ്യത്തിനിടയായ പ്രസ്താവന പ്രത്യക്ഷമാക്കുന്നതു്.

ശ്രീ. സി. വി. ഇയ്യു: ഈ സഭയിൽനിന്നും തിരഞ്ഞെടുത്തിട്ടുള്ള ശ്രീ. സി. ആർ. ഇയ്യുണ്ണി, ശ്രീ. ദാമോദരമേനോൻ തുടങ്ങിയ പാർലമെൻറിലെ സൽപേരുള്ള മെമ്പറന്മാർ ഇതുസംബന്ധിച്ചു ചെയ്ത എതിർ പ്രസ്താവനകളെപ്പറ്റി ഗവണ്മെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചോദ്യം അതിനെപ്പറ്റിയല്ല.

ശ്രീ. സി. വി. ഇയ്യു: ഈ സഭയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട പാർലമെൻറിലെ ഒരു മെമ്പർ ഇപ്രകാരം കളവായിട്ടു ഒരു പ്രസ്താവന ചെയ്തതിനെപ്പറ്റി ഈസഭയിൽനിന്നും വേണ്ട നടപടികളും നടത്തുന്നതിനു് ഭയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: എനിക്കു യാതൊരു വിരോധവുമില്ല.

Sri. A. K. George: May I know whether Sri. Velayudhan has issued a statement ?

ശ്രീ. ടി. കെ. നാരായണപിള്ള : ഗോമതിപത്രത്തിൽ അങ്ങനെയൊരു സ്റ്റേറ്റുമെൻറുപ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നുതോന്നുന്നു.

Sri. A. K. George : In pursuance of that statement was not another statement issued by Mr. Velayudhan that some police came to molest him ?

Sri. T. K. Narayana Pillai: There was another statement.

Sri. P. Balakrishnan Tampi : Is it not a pathological case, Sir ?

Mr. Speaker: Order, order.

Unstarred questions

അസി. കലക്ടർമാരും, അസി. എക്സൈസ് കമ്മീഷണർമാരും

൩൯. (൧) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

ഐക്യസംസ്ഥാനത്തുള്ള അസി. കലക്ടർമാർ, അസി. എക്സൈസ് കമ്മീഷണർമാർ ഇവരെ സംബന്ധിച്ചു താഴെ ചേർക്കുന്ന വിവരങ്ങൾ നൽകുമോ;

(എ) ആകെ അസി. കലക്ടർമാർ എത്ര; ഓരോ സമുദായങ്ങളിലും എത്ര;

(ബി) ആകെ അസി. എക്സൈസ് കമ്മീഷണർമാർ എത്ര; ഓരോ സമുദായത്തിലും എത്ര?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഏഴു്.

നമ്പൂരി ബ്രാഹ്മണൻ	൧
നായർ	൩
ക്രിസ്ത്യാനി	൧
മുസ്ലീം	൨

(ബി) ഏഴു്.

ബ്രാഹ്മണൻ	൨
നായർ	൩
ക്രിസ്ത്യാനി	൨

LIBRARY ARCHIVES Kerala Legislative Assembly